"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ ഭരണസ്ഥാപനങ്ങൾ ലൈഫ് പദ്ധതിയ്ക്കായി മാറ്റിവച്ചിട്ടുള്ള 20 ശതമാനം തുകയിൽ (വികസനഫണ്ട്-ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ) ചെലവഴിക്കാത്ത തുക ലൈഫ് ജില്ലാ കോ-ഓർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.790/2022/LSGD    തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 11/03/2022-ലെ 3.1 (i)-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ ലൈഫ് പദ്ധതിയ്ക്കായി 20 ശതമാനം തുക (വികസനഫണ്ട്-ജനറൽ, എസ്.സി.പി, റ്റി.എസ്.പി വിഹിതത്തിന്റെ) മാറ്റിവച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ഈ തുക മുഴുവൻ ചെലവഴിക്കത്തക്കരീതിയിൽ ഗുണഭോക്താക്കൾ ഇല്ല. ഇക്കാര്യം 11/03/2022 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി വിശദമായി പരിശോധിക്കുകയും പരാമർശപ്രകാരം തീരുമാനമാവുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ലൈഫ് ലിസ്റ്റ പ്രകാരം മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇതു സംബന്ധിച്ച് ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മിച്ചമുള്ള തുക മറ്റാവശ്യത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകിയും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ ലൈഫ് ജില്ലാ കോഓർഡിനേറ്ററുടെ സാക്ഷ്യപത്രം സഹിതം ആവശ്യപ്പെടുന്ന മുറയ്ക്ക് ഇതിനായി വാലിഡേഷൻ ഒഴിവാക്കി നൽകാൻ എസ്.ആർ.ജിയേയും ഐ.കെ..എം നേയും ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന തുകയ്ക്ക് മറ്റു പ്രത്യേക വാലിഡേഷനോ നിബന്ധനയോ വർഷാവസാനമായതിനാൽ ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 01-04-2022 10:52:42**

സെക്ഷൻ ഓഫീസർ